(സി) കാലപ്പഴക്കം ചെന്ന പോസ്റ്റുകൾ, ലൈനുകൾ എന്നിവ മാറ്റുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മഴക്കാലത്ത് വൈദ്യുതി വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി pre monsoon maintenance പ്രവൃത്തികൾ നടന്നുവരുന്നു. വൈദ്യുതിലൈനുകളിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക, കേടായ പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ദ്രവിച്ചുതുടങ്ങിയ ക്രോസ് ആമുകൾ മാറ്റുക, പുതിയ lightning arrestor-കൾ സ്ഥാപിക്കുക, കേടായ AB സ്വിച്ചുകൾ ശരിയാക്കുക, ബ്രാഞ്ച് ലൈനുകളിൽ സെക്ഷൻ ഫ്യൂസുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമറുകൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക, കേടായ ലൈൻ, സ്റ്റേ ഇൻസുലേറ്റർ എന്നിവ മാറ്റി പുതിയവ സ്ഥാപിക്കുക എന്നീ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) കാലപ്പഴക്കം വന്നതും അപകടാവസ്ഥയിലുള്ളതുമായ പോസ്റ്റുകളും ലൈനുകളുംമാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾ മുന്തിയ പരിഗണന നൽകി ചെയ്യുവരുന്നു.

വൈദ്യുതി മോഷണവും ക്രമക്കേടുകളും

37 (382) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ വൈദ്യുതി മോഷണവും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസുകളിൽ നൽകിയ ശിക്ഷയുടെയും പിഴകളുടെയും വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മോഷണങ്ങളുടെയും ക്രമക്കേടുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകളും ശിക്ഷയുടെയും പിഴകളുടെയും വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ക്രമക്കേടുകളിലൂടെയും മോഷണത്തിലൂടെയും കണ്ടെത്തിയ തുക (ലക്ഷം രൂപ)	ഈടാക്കിയത്		രജിസ്റ്റർചെയ്ത കേസുകളുടെ എണ്ണം (കോമ്പൗണ്ടിംഗ് ഫീ ഒടുക്കാത്തതിനാൽ)
			കോമ്പൗണ്ടിംഗ് ഫീ (ലക്ഷം രൂപ)	പിഴത്തുക (ലക്ഷം രൂപ)	
1	2	3	4	5	6
1	കാസർഗോഡ്	10.54	6.26	14.07	0
2	കണ്ണൂർ	239.34	26.70	222.42	0
3	കോഴിക്കോട്	160.81	47.95	160.81	0
4	വയനാട്	251.14	15.62	17.92	4
5	പാലക്കാട്	589.40	36.54	502.56	2
6	മലപ്പുറം	437.98	35.78	416.76	2
7	തൃശ്ശൂർ	233.42	75.97	202.26	3
8	എറണാകുളം	1614.72	82.05	991.84	2
9	ഇടുക്കി	768.78	28.24	612.11	0
10	ആലപ്പുഴ	612.34	76.23	497.98	0

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4	5	6
11	കോട്ടയം	206.34	71.54	121.85	9
12	പത്തനംതിട്ട	196.14	19.9	114.68	0
13	കൊല്ലം	564.41	95.99	468.42	3
14	തിരുവനന്തപുരം	798.67	55.6	710.47	3
	മൊത്തം	6684.03	674.37	5054.15	28

ഊർജ്ജ സംരക്ഷണം

38 (383) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പുകൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. മലയാള മനോരമയുമായി സഹകരിച്ച്, ഊർജ്ജസംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ ഉതകുന്നതും ഇതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതുമായ ഊർജ്ജസംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച 'ഊർജ്ജച്ചെപ്പ്' എന്ന

LIBRARY ARCHIVES Kerala Legislative Assembly